മേരി സാമുവൽ March 26, 2019

# വീട്ടുമുറ്റത്ത് സൗജന്യ 'എയർകണ്ടീഷനർ' നമുക്കും ഉണ്ടാക്കാം: ഹരിയുടെ ജാപ്പനീസ് മോഡൽ

*നോക്കിനിൽക്കെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന പച്ചപ്പ്. ഓരോ വർഷവും റെക്കോഡ് തകർക്കാൻ മത്സരിക്കുന്ന ചൂട്. ചുട്ടുപഴുത്ത കോൺക്രീറ്റ് കൂരയ്ക്കുള്ളിൽ നിന്ന് ഏതെങ്കിലും കാടിന്റെ തണുപ്പിൽ, സ്വസ്ഥതയിൽ പോയൊളിക്കാൻ ഒരിക്കലെങ്കിലും മോഹിക്കാത്ത ആരുണ്ട്?*

രണ്ട് ബെഡ്റൂമും, അതിഥികൾ വന്നാൽ ഇരിക്കാൻ നല്ലൊരു ഹാളും. റൂം ബാത്ത് അറ്റാച്ച്ഡായിരിക്കണം.

"പൂജാമുറി...?"

"ആയ്ക്കോട്ടെ."

"പിന്നെ, വീടിന്റെ മുൻവശം കാണാൻ നല്ല ചേലുവേണം. നല്ല ഒരു പൂന്തോട്ടവും കാറ് കേറ്റി ഇടാനുള്ള സ്ഥലവും…"

നാടോടിക്കാറ്റ് (1987) എന്ന സത്യൻ അന്തിക്കാട് സിനിമയിൽ മദ്രാസ് നഗരത്തിൽ വാടക വീട് അന്വേഷിച്ച് നടക്കുന്ന ദാസനും വിജയനും. (Photo: Video grab/ Millenniumcomedy) ആ സീൻ വീണ്ടും കാണാം.

പറഞ്ഞുവരുമ്പോ നമ്മുടെയൊക്കെ മനസ്സിൽ വീടെന്നാൽ നാടോടിക്കാറ്റിലെ ദാസന്റേയും വിജയന്റേയും സ്വപ്നവീടു തന്നെയല്ലേ? ഇപ്പോഴാണെങ്കിൽ ബെഡ്റൂമിന്റെ എണ്ണം കൂടും, മുറ്റം മുഴുവൻ ടൈലിട്ട് കളറാക്കും… അത്രേ ഉള്ളൂ മാറ്റം.

---

ചന്ദനമോ ചെമ്പകമോ ഒക്കെ മണക്കുന്ന പൂന്തോട്ടം ആരാണ് മോഹിക്കാത്തത്..?

---

ആയുഷ്കാലം മുഴുവൻ പണിയെടുത്ത് സമ്പാദിച്ചതിനോടൊപ്പം ഹൗസിങ്ങ് ലോണും ചേർത്ത് വീടുപണി തുടങ്ങും. അത് മിനുക്കി മിനുക്കി ഒടുക്കമെത്തുമ്പോഴേക്കും പോക്കറ്റിലെ അവസാനത്തെ തുട്ടും തീരും.

എങ്കിലും സ്വപ്നം കാണാൻ നമുക്ക് ലോണെടുക്കേണ്ടല്ലോ. സംഗതി അൽപ്പം കാല്പനികമാണെന്നൊക്കെ തോന്നാമെങ്കിലും 'അച്ചുവേട്ടന്റെ

വീട്ടി'ലെ മനോഹരമായ ആ പാട്ടുപോലെ, ചന്ദനമോ ചെമ്പകമോ ഒക്കെ മണക്കുന്ന പൂന്തോട്ടം, മുറ്റത്ത് ഇത്തിരി പച്ചപ്പും കുളിരുമുള്ള ഒരുമൂല... ഇതൊക്കെ ആരാണ് മോഹിക്കാത്തത് !?

മുറ്റത്ത് ഇത്തിരി പച്ചപ്പും കുളിരുമുള്ള ഒരുമൂല (Image for representation: Photo/Pexels.com)

തിളയ്ക്കുന്ന വേനലിൽ ചുട്ടുപഴുത്ത കോൺക്രീറ്റ് കൂരയ്ക്കുള്ളിൽ നിന്ന് ഓടിപ്പോയി ഏതെങ്കിലും കാട്ടിൽ ചെന്ന് പാർക്കാൻ ചിലപ്പോഴെങ്കിലും തോന്നാറില്ലേ? വീടിന് ചുറ്റും

കാടുവളർത്തുന്നവരെക്കുറിച്ചുള്ള വാർത്തകൾ നമ്മൾ അസൂയയോടെ വായിക്കാറില്ലേ...?

ഒരു സെന്റ് സ്ഥലം മാറ്റിവെച്ചാൽ നമ്മുടെ കുഞ്ഞ് പുരയിടത്തിൽ പോലും കുളിരുപകരുന്ന ഒരു വനം വളർത്തിയെടുക്കാം. തിരുവനന്തപുരത്തെ ഹരി അതിന് നമ്മളെ സഹായിക്കും.

---

ഇതുകൂടി വായിക്കാം: കൊച്ചി നഗരത്തിൽ, കോടികൾ വിലയുള്ള രണ്ടേക്കർ കാടിന് നടുവിൽ ഒരു കുടുംബം

---

ജപ്പാനിൽ പ്രചാരത്തിലുള്ള മിയാവാക്കി വനം വളർത്തലാണ് ഹരി കേരളത്തിന്റെ കാലാവസ്ഥയ്ക്കിണങ്ങുന്ന വിധത്തിൽ രൂപപ്പെടുത്തിയിരിക്കുന്നത്. മുറ്റത്ത് ടൈൽ വിരിക്കാനും വീട്ടിനകത്ത് ഒരിക്കലും കത്തിക്കാത്ത പതിനായിരങ്ങളുടെ ഷോ വിളക്കുകളും എ.സിയും വെയ്ക്കാനുമുള്ള കാശുമതി പുരയിടത്തിൽ ശുദ്ധവായുവും എയർ കണ്ടീഷന്റുടെ തണുപ്പും സൗജന്യമായി നൽകുന്ന മിയാവാക്കി വനം വളർത്തിയെടുക്കാൻ.

ഹരിയുടെ മിയാവാക്കി വനം. ഫോട്ടോ: മേരി സാമുവൽ

ഇതിൽ ഇഷ്ടത്തിനനുസരിച്ച് പൂമരങ്ങളോ ഫലവൃക്ഷങ്ങളോ തണൽമരങ്ങളോ നട്ടുവളർത്താം. വൻമരങ്ങൾ മാത്രമല്ല, അതിനോടു ചേർന്നുവളരുന്ന കുറ്റിച്ചെടികളും വള്ളിപ്പടർപ്പുകളുമങ്ങനെ എന്തും. അഞ്ചു സെന്റിൽ വീടും കഴിഞ്ഞുള്ള സ്ഥലത്തോ ഇത്രയൊക്കെ എന്ന് കണ്ണുതള്ളാൻ വരട്ടെ.

---

ഒരു സെന്റ് ഭൂമിയെങ്കിലും ഇതിനായി നീക്കിവെയ്ക്കാൻ ഉണ്ടായാൽ മതി

---

അതിനാണ് മിയാവാക്കി രീതി. എത്ര തരിശായ മണ്ണിനെയും റീച്ചാർജ് ചെയ്ത് അതാത് നാടിനിണങ്ങുന്ന മരങ്ങളും ചെടികളും പരമാവധി നട്ടുപരിപാലിച്ച് അതിനെ ഒരു സ്വാഭാവികവനമാക്കിയെടുക്കുന്നതാണ് മിയാവാക്കി രീതി. ചുരുങ്ങിയത് ഒരു സെന്റ് ഭൂമിയെങ്കിലും ഇതിനായി നീക്കിവെയ്ക്കാൻ ഉണ്ടായാൽ മതി എന്ന് ഹരി പറയുന്നു. പുളിയറക്കോണം മൈലമൂടുള്ള ഹരിയുടെ പുരയിടത്തിൽ ഈ കത്തുന്ന വേനലിലും ഉള്ള് തണുപ്പിക്കുന്ന കാഴ്ച്ചയാണ് മൂന്നുസെന്റിലെ മിയാവാക്കി വനം.

ജപ്പാൻകാരനായ സസ്യശാസ്ത്രജ്ഞൻ അകിരാ മിയാവാക്കി വികസിപ്പിച്ചെടുത്ത ഈ രീതി ഇപ്പോഴും ലോകമെങ്ങും പ്രചരിച്ചുകൊണ്ടിരിക്കുകയാണ് എന്ന് ഹരി. (വീഡിയോ താഴെ)

ഹരി തന്റെ മിയാവാക്കി നഴ്സറിയിൽ. ഫോട്ടോ: മേരി സാമുവൽ

കോട്ടയത്തെ നാട്ടിൻപുറത്ത് ജനിച്ചുവളർന്ന ഹരിയ്ക്ക് പ്രകൃതിയോടുള്ള പ്രണയം പാരമ്പര്യമായി കിട്ടിയതാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സ്വാധീനം ആ ഇഷ്ടത്തെ കൂടുതൽ ഉറപ്പിച്ചു. മാധ്യമപ്രവർത്തനം പഠിക്കാനാണ് മുപ്പതുവർഷം മുമ്പ് തിരുവനന്തപുരത്തെത്തുന്നത്. ജോലിയും കുടുംബവുമൊക്കെയായി പിന്നീട് അനന്തപുരിയിൽ സ്ഥിരതാമസക്കാരനായപ്പോഴും നാട്ടുമരങ്ങളും വള്ളിയും പടർപ്പുമൊക്കെയുള്ള വിശാലമായ പുരയിടമെന്ന സ്വപ്നം മനസ്സിൽ താലോലിച്ചു.

ഇതുകൂടി വായിക്കാം: ജലസ്തംഭിനി മുതൽ അഗ്നിയില വരെ 1,442 അപൂർവ്വൗഷധികൾ നിറഞ്ഞ തോട്ടമൊരുക്കി ഹംസ വൈദ്യർ

അതുകൊണ്ടാണ് കിഴ്ക്കാംതൂക്കായ, പാറയും വെട്ടുകല്ലും നിറഞ്ഞ മൈലമൂട്ടിലെ സ്ഥലം കിട്ടിയപ്പോൾ ഒന്നും നോക്കാതെ വാങ്ങിച്ചതും. തൊട്ടുമുമ്പിലൂടെ കരമനയാറ് ഒഴുകുന്നുണ്ടെങ്കിലും കുന്നിൻപുറത്ത് വെള്ളമെത്തിക്കുന്നത് ശ്രമകരമായ ജോലിയായിരുന്നു എന്ന ഹരി ഓർക്കുന്നു.

ഹരിയുടെ മിയാവാക്കി വനം. ഫോട്ടോ: മേരി സാമുവൽ

പത്തുകൊല്ലത്തോളം ഇവിടെ പല കൃഷിരീതികളും പരീക്ഷിച്ചു, കിട്ടാവുന്ന മരങ്ങളും നാട്ടുചെടികളുമൊക്കെ നട്ടുവളർത്തുന്നുണ്ട്. ഒരുഭാഗം ഒന്നും ചെയ്യാതെ വെറുതേയിട്ടു. പത്തുകൊല്ലം വെറുതേയിട്ടാൽ അവിടെ സ്വാഭാവികമായി കാടാവുമെന്നാണ് പലരും പറഞ്ഞും വായിച്ചും അറിഞ്ഞത്. പക്ഷേ, അങ്ങുമിങ്ങും ഓരോ മരം വളർന്നതൊഴിച്ചാൽ പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല.

"മിയാവാക്കി കൃഷിരീതിയെക്കുറിച്ച് അനന്തിരവൻ പറഞ്ഞാണറിയുന്നത്. ആദ്യം കണ്ടതൊരു യൂട്യൂബ് വീഡിയോ ആണ്,"ഹരി പറഞ്ഞു. "പ്രകൃതി സംരക്ഷണത്തിനു നൽകിയ സംഭാവനകൾക്ക് ബ്ലൂ പ്ലാനറ്റ് അവാർഡ് ലഭിച്ച ആളാണ് അകിരാ മിയാവാക്കി. ഒരു ഭൂപ്രദേശം സ്വാഭാവിക വനമായി മാറണമെങ്കിൽ നൂറ് വർഷമെങ്കിലുമെടുക്കും. വെള്ളക്കുറവും ഫലപുഷ്ടിയില്ലാത്തതുമായ മണ്ണിലാണെങ്കിൽ അതിലേറെ സമയമെടുക്കുന്ന പ്രക്രിയയാണത്.

"നോക്കിനിൽക്കെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന പച്ചപ്പിന് മറുപടി സാദ്ധ്യമായത്ര വേഗത്തിൽ വളർത്തിയെടുക്കാവുന്ന പച്ചപ്പ് തന്നെയാണ്. ഹെക്ടർകണക്കിന് ഭൂമി ഏറ്റെടുത്ത് വനം

വളർത്തിയെടുക്കുക ഇനിയുള്ള കാലത്ത് അത്രയെളുപ്പം പ്രാവർത്തികവുമല്ല. ലഭ്യമായ ഭൂമിയെ വനമാക്കി മാറ്റുന്നിടത്താണ് മിയാവാക്കി രീതിയുടെ പ്രസക്തി. പ്രത്യേകമായി പാകപ്പെടുത്തിയെടുത്ത മണ്ണിൽ പരിചരിക്കുന്ന ചെടികൾ ആരോഗ്യത്തോടെ അതിവേഗം വളരുകയും, പത്തോ പതിനഞ്ചോ വർഷങ്ങൾ കൊണ്ട് സ്വാഭാവികമായ കാടിന്റെ ആവാസവ്യവസ്ഥ രൂപപ്പെടുകയും ചെയ്യും.

ശുഭേന്ദു ശർമ്മ എന്ന മിയാവാക്കി വിദഗ്ദൻ ബംഗളുരുവിൽ ഒരു തുണ്ടുഭൂമിയിൽ വളർത്തിയെടുത്ത പച്ചപ്പ്. (Read Shubhendu Sharma's story here)

"പതിനെട്ട് വർഷം കൊണ്ട് ഇത്തരത്തിൽ ആയിരത്തിമൂന്നൂറോളം സൈറ്റുകളാണ് ജപ്പാനിൽത്തന്നെ മിയാവാക്കി കാട്ടുതുരുത്തുകളാക്കി മാറ്റിയത്. സംഗതി കൊള്ളാമെന്നു തോന്നിയപ്പോൾ പുസ്തകങ്ങളും ഇന്റെർനെറ്റും വഴി കൂടുതൽ അറിഞ്ഞു. ആദ്യം സ്വന്തം സ്ഥലത്ത് പരീക്ഷിക്കാൻ തന്നെ തീരുമാനിച്ചു." സ്വന്തമായി മിയാവാക്കി പരീക്ഷിക്കാനുള്ള ആവേശം അങ്ങനെയാണ് ഉണ്ടാവുന്നത്.

## മിയാവാക്കി വനം നമുക്കും വളർത്താം

ഒരു മിയാവാക്കി വനം എങ്ങനെ വളർത്തിയെടുക്കാമെന്ന് സ്വന്തം അനുഭവത്തിൽ നിന്ന് ഹരി പറഞ്ഞുതരുന്നു:

മണ്ണിനെ വളക്കൂറുള്ളതും ഈർപ്പമുള്ളതുമാക്കി നിലനിർത്തുക എന്നതാണ് മിയാവാക്കി രീതിയുടെ ആദ്യപടി. ഇവിടെ വീഴുന്ന വിത്തായാലും തൈയായാലും നാമ്പെടുക്കാതെ പോകരുത്. അതിനായി ഒരുമീറ്റർ ആഴത്തിൽ വരെ മേൽമണ്ണ് മാറ്റി ചാണകപ്പൊടിയും ചകിരിച്ചോറും ജൈവകമ്പോസ്റ്റും ചേർത്ത മണ്ണ് നിറച്ച് പരുവപ്പെടുത്തണം. മൾച്ചിങ്ങ് എന്നാണിതിനു പറയുക. മിയാവാക്കി കൃഷിരീതിയുടെ ഏറ്റവും ചിലവേറിയ ഘട്ടവും ഇതുതന്നെയാണ്.

ഹരി തന്റെ മിയാവാക്കി നഴ്സറിയിൽ. ഫോട്ടോ: മേരി സാമുവൽ

ഇങ്ങനെ പരുവപ്പെടുത്തിയ നിലത്താണ് തൈകൾ നടുന്നത്. നടുമ്പോൾ മുതൽ മൂന്നു വർഷത്തേക്ക് ചെടികൾക്ക് നിരന്തരമായ പരിചരണം ആവശ്യമാണ്. മണ്ണൊരുക്കലും തൈകളുടെ പരിചരണവുമെല്ലാം ചേർന്ന് ഒരു സെന്റിന് ഒന്നരലക്ഷത്തോളം രൂപ ചെലവ് വരും. നീർവാർച്ചയും ഫലപുഷ്ടിയുമുള്ള മണ്ണാണെങ്കിൽ ചെലവ് കുറയും.

അതുപോലെ വീടിനോട് ചേർന്നാണെങ്കിൽ ഇവയുടെ പരിപാലനം സ്വയം ചെയ്യുന്നതിലൂടെയും ചെലവ് കുറയ്ക്കാനാകും.

അടുത്ത മിയാവാക്കി വനത്തിനായി മണ്ണൊരുക്കന്നു. ഫോട്ടോ: മേരി സാമുവൽ

പുതിയ വീടുവെയ്ക്കാനായി സ്ഥലം വാങ്ങുമ്പോൾത്തന്നെ മിയാവാക്കിരീതി കൂടി പ്ലാനിടുകയാണെങ്കിൽ നമ്മുടെ കാലാവസ്ഥയ്ക്കിണങ്ങുന്ന ഫലവൃക്ഷങ്ങളും അടുക്കളത്തോട്ടവും ഔഷധച്ചെടികളുമൊക്കെ ചേരുന്ന തണലിടം വളർത്തിയെടുക്കാവുന്നതാണ്. വീട്ടുമുറ്റത്ത് ഇത്തരത്തിൽ മൂന്ന് ഡിഗ്രി വരെ ചൂടും കുറയും.

---

ഇതുകൂടി വായിക്കാം: ആനന്ദ ഫാമിങ്, പ്രോജക്ട് എർത്ത് വേം;15-ാം വയസ്സിൽ ചെലവില്ലാ പ്രകൃതി കൃഷി തുടങ്ങിയ 'കുട്ടിക്കർഷകന്റെ' സ്വപ്നപദ്ധതികൾ

---

ഹരിയുടെ മൂന്നുസെന്റിൽ നാനൂറോളം സസ്യജാതിയിൽ പെട്ട തൈകളുണ്ട്. അരയാല് മുതൽ തൊട്ടാൽ പൊള്ളുന്ന ചേരും അതിനു മറുമരുന്നായ താന്നിയും അപൂർവ്വമായ അപ്പകുടുക്കയും മഞ്ഞണാത്തിയും മഞ്ചാടിയും മുതൽ ചങ്ങലപ്പരണ്ടയും താമ്രവള്ളിയും അമൃതവള്ളിയും സർപ്പഗന്ധിയും പോലുള്ള ഔഷധച്ചെടികളും ദശപുഷ്പമെന്ന് കേൾവികേട്ട കറുകയും മുക്കുറ്റിയും

മുയൽചെവിയനും വിഷ്ണുക്രാന്തിയുമടങ്ങുന്ന പത്തുനാട്ടുചെടികളുമെല്ലാം കരുത്തോടെ വളർന്നുനിൽപ്പുണ്ടീ നാനോകാട്ടിൽ.

അമൃതവള്ളി. ഫോട്ടോ: മേരി സാമുവൽ

ഒറ്റവർഷം കൊണ്ട് മരങ്ങൾ മിക്കവാറും പന്ത്രണ്ടടിയോളം വളർന്നുകഴിഞ്ഞു. അവയൊരുക്കുന്ന തണലിലാണ് അനുബന്ധ കുറ്റിച്ചെടികളും വള്ളികളും വളരുന്നത്.

---

ചെറുവള്ളി, വെച്ചൂർ ഇനത്തിൽ പെട്ട നാടൻ പശുക്കളും കുട്ടികളും തൊഴുത്തു നിറയെ

---

കുന്നിൻ ചെരിവായതിനാൽ വെള്ളത്തിന് കുഴൽക്കിണറടിച്ചിട്ടുണ്ട്. മഴക്കാലത്ത് പുരയിടത്തിലേക്കൊഴുകിയെത്തുന്ന വെള്ളം തുള്ളിപോലും നഷ്ടമാകാതെ കിണറിലേക്ക് താഴുന്ന രീതിയിലാണ് നിർമ്മിതി. പെർമാകൾച്ചർ എന്ന സംയോജിത കൃഷിരീതിയാണ് ബാക്കി സ്ഥലത്ത് ചെയ്തിരിക്കുന്നത്. ചെറുവള്ളി, വെച്ചൂർ ഇനത്തിൽ പെട്ട നാടൻ പശുക്കളും കുട്ടികളും തൊഴുത്തു നിറയെ. വീട്ടാവശ്യത്തിനുള്ള പാൽ അങ്ങനെ കിട്ടും.

ചങ്ങലംപരണ്ട. ഫോട്ടോ: മേരി സാമുവൽ

ഗോമൂത്രവും ചാണകവും വളമായി ഇവിടെത്തന്നെ ഉപയോഗിക്കുന്നു. ഇവയ്ക്കുള്ള തീറ്റപുല്ലും ഇവിടെ കൃഷി ചെയ്യുകയാണ്. ഇതെല്ലാം നോക്കിനടത്താൻ സ്ഥിരം ജോലിക്കാരായി അഞ്ചുപേർ കൂടെയുണ്ട്. കൂടാതെ കുടുംബത്തിന്റെയും ചങ്ങാതിമാരുടെയും പിന്തുണയുമുണ്ട്.

---

ഇനിയൊരു മൂന്നു വർഷം കഴിഞ്ഞ് ഒന്നൂടി ഇതുവഴി വരണം, നമ്മുടെ കാട് കാണാൻ

---

നിലവിലെ മിയാവാക്കി കാടിനോടു ചേർന്ന് അറുന്നൂറ്റമ്പത് സ്ക്വയർഫീറ്റിലൊതുങ്ങുന്നൊരു കൊച്ചുവീടിന് തറയൊരുക്കിയിരിക്കുകയാണ് ഹരി. "വീടിനു മുന്നിലായി മറ്റൊരു മൂന്ന് സെന്റ്കാടിനുള്ള നിലം കൂടി ഒരുക്കുന്നുണ്ട്. അതിൽ നാടൻ പൂമരങ്ങളും ഫലവൃക്ഷങ്ങളും വളർത്താനാണ് പരിപാടി. ഇനിയൊരു മൂന്നു വർഷം കഴിഞ്ഞ് ഒന്നൂടി ഇതുവഴി വരണം, നമ്മുടെ കാട് കാണാൻ," യാത്ര പറഞ്ഞിറങ്ങുമ്പോൾ ഹരി ക്ഷണിച്ചു.

ഹരിയുടെ വളപ്പിലെ അസോള കൃഷി. ഫോട്ടോ/ മേരി സാമുവൽ

മിയാവാക്കി വനവൽക്കരണത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി ടൂറിസം വകുപ്പ് കനകക്കുന്നിൽ അഞ്ചുസെന്റ് ഭൂമി ഏൽപ്പിച്ചിരിക്കുകയാണ് ഹരിയുടെ നേതൃത്വത്തിലുള്ള നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷനെ. നൂറിലെറെ ഇനത്തിൽപ്പെട്ട എണ്ണൂറോളം തൈകൾ അവിടെ നട്ടുകഴിഞ്ഞു. വേരുപിടിച്ചുകിട്ടുവരെയുള്ള ആദ്യത്തെ മൂന്നുമാസം അതീവശ്രദ്ധ വേണമെന്നുള്ളതു കൊണ്ടും പൊതുസ്ഥലമായതുകൊണ്ടും തൈകളുടെ സംരക്ഷണത്തിന് വേലി കെട്ടിത്തിരിച്ചിരിക്കുകയാണിപ്പോൾ.

---

ഇനിയും വൈകിയിട്ടൊന്നുമില്ല. ഇപ്പഴായാലും ചെയ്തു തുടങ്ങാവുന്നതേയുള്ളു

---

"വർഷം തോറും ഡിഗ്രികണക്കിനു കൂടുന്ന ചൂടിന് മരമല്ലാതെ മറ്റു മറുപടിയൊന്നുമില്ല. അത് വെറുതേ കുഴിച്ചുവെച്ചതുകൊണ്ടായില്ല. വളർന്ന് വേരുപിടിച്ചെന്നുകൂടി ഉറപ്പാക്കണം. അങ്ങനെ നമ്മളിതുവരെ വനമഹോത്സവങ്ങൾക്കു നട്ട തൈകൾ സംരക്ഷിച്ചിരുന്നെങ്കി തന്നെ പകുതി പ്രശ്നം തീർന്നേനെ," എന്ന് ഹരി പറയുമ്പോൾ നമുക്ക് സമ്മതിക്കാതെ തരമില്ല.

മഴവെള്ളം റീച്ചാർജ്ജ് ചെയ്യാനുള്ള സംവിധാനത്തോടുകൂടിയ ബോർവെൽ: ഹരിയുടെ പറമ്പിൽ നിന്നും. ഫോട്ടോ/ മേരി സാമുവൽ

"ഇനിയും വൈകിയിട്ടൊന്നുമില്ല. ഇപ്പഴായാലും ചെയ്തു തുടങ്ങാവുന്നതേയുള്ളൂ," എന്നാണ് വൃക്ഷസ്നേഹികളോട് ഹരിക്കു പറയാനുള്ളത്.

മിയാവാക്കി വനമാതൃക പ്രോൽസാഹിപ്പിക്കുന്നതിനു പിന്നിൽ അത്തരമൊരു ലക്ഷ്യം കൂടി ഹരിയ്ക്കുണ്ട്. അടുത്ത പത്തുവർഷത്തിനുള്ളിൽ ഒരുകോടി മരം നട്ടുവളർത്തുക എന്നതാണത്. ഒറ്റയ്ക്ക് അതിനു സാധിച്ചെന്നു വരില്ല. പക്ഷെ സമാനമനസ്ക്കർ ഒന്നിച്ചാൽ കഴിയും. അതിനായി ക്രൗഡ്ഫോറസ്റ്റിങ്ങ് എന്നൊരു വെബ്സൈറ്റ് തന്നെ ഉണ്ടാക്കിയിട്ടുണ്ട്.

---

നിങ്ങൾക്കും ഈ പരിശ്രമത്തിൽ പങ്കാളികളാകാം, പേര് രെജിസ്റ്റർ ചെയ്യാം: Crowdforesting.org Email: organickeralam2018@gmail.com

---

ഏറ്റവും കുറഞ്ഞത് ഒരു സെന്റെങ്കിലും ഭൂമി ചെറുകാട് വളർത്താൻ മാറ്റിവെയ്ക്കാൻ താൽപര്യമുള്ളവർക്ക് ഈ സൈറ്റിൽ റജിസ്റ്റർ ചെയ്യാം.

ഇങ്ങനെ അംഗമാകുന്നവർക്ക് പരിശീലനപരിപാടികളും കൃഷിയ്ക്കാവശ്യമായ നിർദേശങ്ങളുമെല്ലാം ലഭ്യമാക്കുന്നതാണ്.

Photo / Crowdforesting.org

ഇത്തരത്തിൽ പല ചെറുതുരുത്തുകൾ ചേർത്ത് പത്തുവർഷംകൊണ്ട് കേരളത്തിന്റെ പച്ചപ്പിനെ മറ്റൊരു രീതിയിൽ മടക്കിക്കൊണ്ടുവരാൻ കഴിയുമെന്നാണ് ഹരിയുടെ പ്രതീക്ഷ.

"കേരളത്തിനകത്തുനിന്നും പുറത്തുനിന്നും പലരും കേട്ടറിഞ്ഞ് സന്നദ്ധത അറിയിക്കുന്നുവെന്നത് സന്തോഷകരമാണ്. ലക്ഷദ്വീപിൽ നിന്നും അഫ്ഗാനിസ്ഥാനിൽനിന്നും വരെ മിയാവാക്കിയുടെ സാധ്യത അന്വേഷിച്ച് വിളികൾ വന്നു," ഹരി ആവേശത്തിലാണ്.

---

ഇതുകൂടി വായിക്കാം: കൊടുംകാട്ടിനുള്ളിലെ ഗോത്രഗ്രാമം കൂലിപ്പണിയുപേക്ഷിച്ച് ജൈവകൃഷി തുടങ്ങി: കുരുമുളക് കയറ്റിയയച്ച് ലക്ഷങ്ങൾ നേടുന്ന വഞ്ചിവയലിലെ വിശേഷങ്ങൾ

"പലതുള്ളി പെരുവെള്ളം എന്നൊരു ചൊല്ലില്ലേ, അതുപോലെയാണിതും. പലർ ചേർന്നു പരിശ്രമിച്ചാൽ, നഷ്ടമായ കാട് കുറേയൊക്കെ തിരിച്ചുപിടിക്കാൻ കഴിയും. ചെറിയ സ്ഥലങ്ങളാവുമ്പോൾ പരിപാലനവും എളുപ്പമാണ്.

പഴയരൂപത്തിലായിരിക്കില്ല എന്നേയുള്ളു. അത് ഏറെക്കുറേ അസാദ്ധ്യവുമാണല്ലോ.

Watch: **നിങ്ങൾക്കും മിയാവാക്കി വനം വളർത്താം**

0:00

"ഒന്നോ രണ്ടോ സെന്റ് എന്നത് ഏറ്റവും ചുരുങ്ങിയ അളവാണ്. സ്കൂളുകളിലും കോളേജുകളിലുമൊക്കെ കുറച്ചൂടി വിസ്തൃതമായ സ്ഥലത്ത് ഈ രീതി പരീക്ഷിക്കാവുന്നതേയുള്ളൂ. ഇപ്പോൾത്തന്നെ മിക്ക സ്കൂളുകളിലും ശലഭോദ്യാനമൊക്കെ പ്രോൽസാഹിപ്പിക്കുന്നുണ്ടല്ലോ. കുട്ടികൾക്ക് പ്രകൃതി സംരക്ഷണത്തെ പറ്റി പകർന്നുകൊടുക്കാവുന്ന പ്രായോഗികപാഠവും കൂടിയാവുമത്," ഹരി പറഞ്ഞു.

വൈലോപ്പിള്ളിക്കവിതയുടെ ഈരടി പോലെ, ഗ്രാമത്തിൻ വിശുദ്ധിയും മണവും മമതയും ഇത്തിരിക്കൊന്നപ്പൂവും മനസിൽ സൂക്ഷിക്കാത്ത മലയാളിയുണ്ടാകുമോ?

ഇനിയാ ഇഷ്ടം മനസിൽ മാത്രമാക്കണ്ട, ഒരിത്തിരി മണ്ണ് സ്വന്തമായുണ്ടെങ്കിൽ അതിലൊരു ചോട് കൊന്നയോ തുളസിയോ കാന്താരിയോ എന്താന്നുവെച്ചാൽ വളർന്നു കാടുപിടിക്കട്ടെ. ഒരു മിയാവാക്കി കാട്.

**ഈ വാർത്ത ഇഷ്ടമായോ? അഭിപ്രായം അറിയിക്കൂ:**malayalam@thebetterindia.com